പതിമൂന്നാം കേരള നിയമസഭ

എട്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ. 2568 — 01.04.2013-ൽ മറുപടിയ്ക്ക്

## യൂത്ത് കോ-ഓർഡിനേറ്റർ

| ചോദ്യം | മറുപടി |
| --- | --- |
| ശ്രീ.പി.ഉബൈദുള്ള | കുമാരി.പി.കെ.ജയലക്ഷ്മി<br>(പട്ടികവർഗ്ഗക്ഷേമവും യുവജനകാര്യവും കാഴ്ചബംഗ്ലാവുകളും മൃഗശാലകളും വകുപ്പു മന്ത്രി) |
| (എ) സംസ്ഥാന യുവജനക്ഷേമ ബോർഡിനു കീഴിൽ എല്ലാ പഞ്ചായത്തുകളിലും യൂത്ത് കോ-ഓർഡിനേറ്റർമാരെ നിയമിച്ചിട്ടുണ്ടോ ; | (എ) യുവശക്തി പദ്ധതിയുടെ ഭാഗമായി 1043 പഞ്ചായത്ത്/ മുനിസിപ്പാലിറ്റി/കോർപ്പറേഷൻ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലായി നിലവിൽ 380 കോ-ഓർഡിനേറ്റർമാർ പ്രവർത്തിച്ചുവരുന്നു. ഒഴിഞ്ഞുകിടക്കുന്ന കോ-ഓർഡിനേറ്റർ തസ്തികകൾ നികത്താനുള്ള നടപടി സ്വീകരിച്ചുവരുന്നു. |
| (ബി) യൂത്ത് കോ-ഓർഡിനേറ്റർമാരുടെ യോഗ്യതയും നിയമന മാനദണ്ഡങ്ങളും വിശദീകരിക്കാമോ ; | (ബി) യൂത്ത് കോ-ഓർഡിനേറ്റർമാരുടെ യോഗ്യത ചുവടെ ചേർക്കുന്നു.<br>1. എസ്.എസ്.എൽ.സി പാസ്സായിരിക്കണം<br>2. 18 നും 35 നും മധ്യേ പ്രായമുള്ളവരായിരിക്കണം<br>3. അതത് തദ്ദേശ സ്വയംഭരണ സ്ഥാപനാതിർത്തിയിൽ താമസിക്കുന്നവരും യുവജനക്ഷേമ പ്രവർത്തനങ്ങളിൽ കഴിവ് തെളിയിച്ചവരുമായിരിക്കണം.<br>പഞ്ചായത്ത്/മുനിസിപ്പാലിറ്റി/കോർപ്പറേഷൻ ഭരണ സമിതി മൂന്ന് പേരുടെ ലിസ്റ്റ് തയ്യാറാക്കി യുവജനക്ഷേമ ബോർഡിന് നൽകുകയും അതിൽ ഒരാളെ യുവജനക്ഷേമ ബോർഡ് തെരഞ്ഞെടുക്കുകയുമാണ് ചെയ്യുന്നത്. |
| (സി) ഓരോ പഞ്ചായത്ത് പരിധിയിലും ഇവരുടെ കർത്തവ്യങ്ങളും അവർക്ക് നൽകിവരുന്ന ആനുകൂല്യങ്ങളും വ്യക്തമാക്കാമോ ; | (സി) യൂത്ത് കോ-ഓർഡിനേറ്റർമാരുടെ ചുമതലകൾ അനുബന്ധമായി ചേർക്കുന്നു. യുവശക്തി പദ്ധതി പ്രകാരം നിയമിച്ചിട്ടുള്ള കോ-ഓർഡിനേറ്റർമാർക്ക് പ്രതിമാസം 1,500/- രൂപ ഓണറേറിയമായി നൽകുന്നുണ്ട്. |
| (ഡി) യുവജനക്ഷേമ ബോർഡിന് കീഴിൽ സംരംഭകത്വവും തൊഴിലവസരങ്ങളും ഉറപ്പാക്കുന്ന പ്രത്യേക പരിശീലന പരിപാടികൾ സംഘടിപ്പിക്കുമോ ? | (ഡി) യുവജനങ്ങൾക്കായി സ്വയംതൊഴിൽ, ബോധവൽക്കരണ ക്ലാസ്സുകൾ, കാർഷിക വികസന പദ്ധതികൾ എന്നിവയിൽ പരിശീലന ക്ലാസ്സുകളും തൊഴിലവസരങ്ങൾ സൃഷ്ടിച്ചുകൊണ്ടുള്ള ജോബ്ഫെയറുകളും യുവജനക്ഷേമ ബോർഡിന്റെ കീഴിൽ സംഘടിപ്പിച്ചു വരുന്നു. സംരംഭകത്വവും തൊഴിലവസരങ്ങളും ഉറപ്പാക്കുന്ന പ്രത്യേക പരിശീലനപരിപാടികൾക്ക് ബോർഡ് പ്രാമുഖ്യം നൽകുന്നതാണ്. |

സെക്ഷൻ ഓഫീസർ

അനുബന്ധം

യൂത്ത് കോ-ഓർഡിനേറ്റർമാരുടെ ചുമതലകൾ ചുവടെ ചേർക്കുന്നു.

1) പഞ്ചായത്ത്/മുനിസിപ്പാലിറ്റി/കോർപ്പറേഷൻ അതിർത്തിയിലുള്ള ആർട്സ് & സ്പോർട്സ് ക്ലബ്ബുകളുടെ യോഗം വിളിച്ചു ചേർക്കുകയും, ക്ലബ്ബുകളുടെ പ്രവർത്തനത്തിനാവശ്യമായ സഹായവും ഉപദേശ നിർദ്ദേശങ്ങളും നൽകുക.
2) സ്വയംതൊഴിൽ എക്സ്ചേഞ്ചുകൾ സ്ഥാപിക്കുകയും ലേബർ ബാങ്കുകൾ രൂപീകരിക്കുകയും ചെയ്യുക.
3) സ്വയംതൊഴിൽ സംരംഭകത്വ പരിശീലനം, സ്വയംതൊഴിൽ കണ്ടെത്താനും സഹായങ്ങൾ, പ്രോത്സാഹനം എന്നിവ നൽകുക.
4) യുവജനക്ഷേമത്തിനുവേണ്ടിയുള്ള പഞ്ചവത്സര പദ്ധതികൾ/ജനകീയാസൂത്രണ പദ്ധതികൾ തയ്യാറാക്കുന്നതിനും നടപ്പിലാക്കുന്നതിനും ഗ്രാമ പഞ്ചായത്തുകളെ സഹായിക്കുക.
5) ഉൽപ്പാദന മേഖല ഉൾപ്പെടെയുള്ള പ്രോജക്ടുകൾ തയ്യാറാക്കുന്നതിനും, പ്രാവർത്തികമാക്കുന്നതിനും യുവജനങ്ങളെയും യുവജന ക്ലബ്ബുകളെയും ഉപയോഗപ്പെടുത്തുക.
6) പഞ്ചായത്ത്/മുനിസിപ്പാലിറ്റി/കോർപ്പറേഷൻ യുവകർമ്മസേന രൂപീകരിക്കുകയും പ്രവർത്തിപ്പിക്കുകയും ചെയ്യുക.
7) പഞ്ചായത്ത്/മുനിസിപ്പാലിറ്റി/കോർപ്പറേഷൻ കേരളോത്സവം ജനകീയ പങ്കാളിത്തത്തോടെ നടത്തുന്നതിന് സഹായിക്കുക.
8) യുവജനങ്ങളെക്കുറിച്ചുള്ള വിവരങ്ങൾ ശേഖരിക്കുന്നതിനുള്ള സർവ്വേകൾ, പ്രാദേശിക ചരിത്രരചന തുടങ്ങിയ പ്രവർത്തനങ്ങൾ നടത്തുക.
9) മദ്യം, മയക്കുമരുന്ന് എന്നിവയുടെ ഉപയോഗത്തിനെതിരെ ബോധവൽക്കരണ പ്രവർത്തനങ്ങൾ നടത്തുക.
10) രോഗപ്രതിരോധ-ശുചിത്വ പ്രവർത്തനങ്ങൾ, മെഡിക്കൽ ക്യാമ്പുകൾ എന്നിവ സംഘടിപ്പിക്കുക.
11) ശാസ്ത്രീയ ചിന്ത, മതേതരത്വം, സാംസ്കാരിക ബോധം എന്നിവ വളർത്തുന്നതിനും ദേശീയോദ്ഗ്രഥനം ശക്തിപ്പെടുത്തുന്നതിനുമുള്ള പ്രവർത്തനങ്ങൾ സംഘടിപ്പിക്കുക.
12) സാംസ്കാരിക പരിപാടികൾ, ഗ്രന്ഥശാല പ്രവർത്തനങ്ങൾ തുടങ്ങിയവയ്ക്ക് പ്രോത്സാഹനവും സഹകരണവും നൽകുക.
13) കേന്ദ്ര ഗവൺമെന്റിന്റെ പദ്ധതിയായ വില്ലേജ് നോളജ് സെന്ററുകൾ പഞ്ചായത്ത് തലത്തിൽ ആരംഭിക്കുവാനുള്ള പരിശ്രമങ്ങൾ നടത്തുകയും അതിനുള്ള ഏജൻസികളുമായി ചേർന്ന് പ്രവർത്തിക്കുകയും ചെയ്യുക.
14) സമ്പൂർണ്ണ ശുചിത്വ പദ്ധതി, എൻ.ആർ.എച്ച്.എം. തുടങ്ങിയ പദ്ധതികൾ നടപ്പിലാക്കാൻ സഹായിക്കുക.
15) പൊതു വിദ്യാഭ്യാസം ശക്തിപ്പെടുത്തുന്നതിനുവേണ്ടിയുള്ള പ്രവർത്തനങ്ങൾ നടത്തുകയും പൊതു വിദ്യാലയങ്ങൾ മെച്ചപ്പെടുത്തുന്നതിനുള്ള പ്രവർത്തനങ്ങളിൽ പഞ്ചായത്തുകളുമായി സ്കൂളുകളുമായും സഹകരിച്ച് പ്രവർത്തിക്കുകയും ചെയ്യുക.
16) ടൂറിസം മേഖലയിലെ പ്രവർത്തനങ്ങളിൽ യുവജനങ്ങളെ പങ്കാളികളാക്കുക.
17) ദേശീയ തൊഴിലുറപ്പ് പദ്ധതിയുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുക.

സെക്ഷൻ ഓഫീസർ